
# കേരള നെൽകർഷക കോൺഗ്രസ്സ് 2018

**ഒക്ടോബർ 25, 2018**

## ഒന്നാം വിജ്ഞാപനം



**സംഘാടനം**

**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി**

**വിജ്ഞാന വ്യാപന ഡയറക്ടറേറ്റ്, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി**

പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി
കേരള കാർഷിക സർവ്വകലാശാല

## ആമുഖം

കാർഷിക സാങ്കേതിക വിദ്യകളിലും സാമൂഹിക വ്യവസ്ഥിതികളിലും കാലാവസ്ഥയിലും വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കൊപ്പം നമ്മുടെ നാട്ടിലെ നെൽകൃഷി മേഖലയിലും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. നെൽപാടങ്ങൾ വൻതോതിൽ മറ്റാവശ്യങ്ങൾക്കായി മാറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയാണ് കേരളം.

അനേകം പ്രതിസന്ധികൾ നേരിടുമ്പോഴും കാർഷിക മേഖലയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് സർക്കാറും കർഷകരും ഗവേഷകരും സന്നദ്ധ സംഘടനകളുമെല്ലാം പ്രവർത്തിക്കുന്നത് പ്രതീക്ഷകൾക്ക് വക നൽകുന്നു. വർഷങ്ങളായി നെൽകർഷകർ സ്വായത്തമാക്കിയിട്ടുള്ള അറിവുകൾ അമൂല്യമാണ്. പ്രായോഗികതയിൽ ഊന്നിയ ഇത്തരം കൃഷിയറിവുകളും കണ്ടെത്തലുകളും സമന്വയിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി ഒരു സംസ്ഥാന തല നെൽ കർഷക കോൺഗ്രസ്സിന് വേദിയൊരുക്കുകയാണ് കേരള കാർഷിക സർവ്വകലാശാലയുടെ പട്ടാമ്പിയിലുള്ള മദ്ധ്യമേഖലാ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം. കർഷകർക്ക് അവരവരുടെ കണ്ടെത്തലുകളും ആശയങ്ങളും പൊതുസമൂഹത്തിന് പ്രാപ്യമാകും വിധം അവതരിപ്പിക്കുന്നതിനും ഉടമാസ്ഥാവകാശം ആവശ്യമായ കാര്യങ്ങൾക്ക് അത് ലഭ്യമാക്കുന്നതിനുമാണ് കർഷക കോൺഗ്രസ്സ് ലക്ഷ്യമിടുന്നത്.


## പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി


1927 ൽ 'പാഡി ബ്രീഡിംഗ് സ്റ്റേഷൻ' എന്ന പേരിൽ ബ്രിട്ടീഷുകാർ ആരംഭിച്ച ഈ കേന്ദ്രം വളർച്ചയുടെ 9 ദശാബ്ദങ്ങൾ പിന്നിട്ട് ഇന്ന് കേരള കാർഷിക സർവ്വകലാശാലയുടെ മദ്ധ്യമേഖലാ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രമായി പ്രവർത്തിക്കുന്നു. നെൽകൃഷി രംഗത്ത് സ്തുത്യർഹമായ ഗവേഷണങ്ങൾ നടത്തി അന്താരാഷ്ട്ര പ്രസിദ്ധിയാർജ്ജിക്കാൻ ഈ കേന്ദ്രത്തിന് സാധിച്ചിട്ടുണ്ട്. നെല്ലിന്റെയും മറ്റുവിളകളുടെയും അമൂല്യമായ ജനിതക ശേഖരവും ഗവേഷണങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളും മനുഷ്യ വിഭവ ശേഷിയും ഒത്തുചേർന്ന് ഈ സ്ഥാപനം ഉല്പാദന ക്ഷമത കൂടിയ 60 നെല്ലിനങ്ങളും വിളപരിപാലത്തിനുള്ള അനേകം സാങ്കേതിക വിദ്യകളും ഉരുത്തിരിച്ചെടുത്തിട്ടുണ്ട്. ഏഷ്യയിലെ ആദ്യത്തെ അത്യുല്പാദനശേഷിയുള്ള ചുവന്ന കുറിയ നെല്ലിനമായ 'അന്നപൂർണ്ണ' പുറത്തിറക്കിയതിന്റെ 50-ാം വാർഷികം 2018ൽ ആഘോഷിക്കുന്നതിന്റെ ഭാഗമായാണ് ഈ നെൽകർഷക കോൺഗ്രസ്സ് സംഘടിപ്പിക്കുന്നത്.

കർഷകർക്ക് അവരുടെ കണ്ടെത്തലുകൾ വിശകലനം ചെയ്ത് അത് ശാസ്ത്രജ്ഞന്മാരുടെയും കർഷകരുടെയും മാധ്യമങ്ങളുടെയും മുമ്പാകെ അവതരിപ്പിക്കാൻ വേദിയാകും ഈ 'നെൽകർഷക കോൺഗ്രസ്സ്'. 2018 ഒക്ടോബർ മാസത്തിൽ പട്ടാമ്പി, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വെച്ചാണ് നെൽകർഷക കോൺഗ്രസ്സ് നടത്തുന്നത്.

## നെൽകർഷക കോൺഗ്രസ്സിലെ ചർച്ചാ വിഷയം

1. നെല്ലിലെ ജൈവവൈവിധ്യം
2. നെല്ലധിഷ്ഠിത കൃഷി
3. നെല്ലിന്റെ പോഷണം
4. കീടങ്ങൾ/രോഗങ്ങൾ/കളകൾ മുതലായവയുടെ നിയന്ത്രണം
5. ജലം/മണ്ണ് സംരക്ഷണം





6. നെൽകൃഷിയിൽ യന്ത്രവൽക്കരണം
7. സംഘകൃഷി/ കർഷക കൂട്ടായ്മകൾ
8. ഉൽപന്ന വൈവിധ്യവൽക്കരണം
9. പരിസ്ഥിതി പ്രാധാന്യം

മുകളിൽ വിവരിച്ച വിഷയങ്ങളിൽ കൃഷിയറിവുകളും ആശയങ്ങളും അവതരിപ്പിക്കാൻ ആഗ്രഹിക്കുന്ന കർഷകരിൽനിന്ന് പ്രബന്ധങ്ങൾ ക്ഷണിക്കുന്നു. പ്രബന്ധങ്ങൾ മലയാളത്തിൽ ആണ് തയ്യാറാക്കേണ്ടത്. സ്വീകരിക്കപ്പെട്ട പ്രബന്ധങ്ങൾ നെൽകർഷക കോൺഗ്രസ്സിൽ അവതരിപ്പിക്കാനായോ പോസ്റ്റർ ആയോ ഉൾപ്പെടുത്തും. ഓരോ വിഷയത്തിലും ഏറ്റവും നല്ല പ്രബന്ധത്തിന് അവാർഡ് നല്കുന്നതാണ് .

## നെൽകർഷക കോൺഗ്രസ്സിൽ പങ്കെടുക്കാൻ അർഹതയുള്ളവർ

കർഷകർക്കും കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനാ പ്രതിനിധികൾക്കും ഇതിൽ പങ്കെടുക്കാം. പൊതു/സ്വകാര്യ മേഖലയിലെ ഗവേഷകർക്കോ ഉദ്യോഗസ്ഥർക്കോ പ്രബന്ധങ്ങൾ സമർപ്പിക്കാൻ അർഹതയില്ല.

## പ്രസിദ്ധീകരണം

തിരഞ്ഞെടുക്കപ്പെട്ട പ്രബന്ധങ്ങൾ ഉൾപ്പെടെ നെൽകർഷക കോൺഗ്രസ്സിന്റെ നടപടിക്രമങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്.

## രജിസ്ട്രേഷൻ

കേരള നെൽകർഷക കോൺഗ്രസ്സിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ച് ഓർഗനൈസിംഗ് സെക്രട്ടറി, കേരള നെൽകർഷക കോൺഗ്രസ്സ്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി, പിൻ : 679306, പാലക്കാട് ജില്ല എന്ന വിലാസത്തിൽ അയക്കണം. രജിസ്ട്രേഷന് പ്രത്യേക ഫീസ് ഇല്ല.

## പ്രധാനപ്പെട്ട തീയ്യതികൾ

| | |
|---|---|
| കേരള നെൽകർഷക കോൺഗ്രസ്സ് ഒന്നാം വിജ്ഞാപനം | : 14.10.2017 |
| കേരള നെൽകർഷക കോൺഗ്രസ്സ് രണ്ടാം വിജ്ഞാപനം | : 15.12.2017 |
| രജിസ്ട്രേഷൻ ആരംഭിക്കുന്ന തീയ്യതി | : 01.01.2018 |
| രജിസ്ട്രേഷൻ/പ്രബന്ധങ്ങൾ സ്വീകരിക്കാനുള്ള അവസാന തീയ്യതി | : 20.07.2018 |
| സ്വീകരിച്ച പ്രബന്ധങ്ങളുടെ വിവരങ്ങൾ അറിയിക്കൽ | : 15.08.2018 |
| കേരള നെൽകർഷക കോൺഗ്രസ്സ് | : 25.10.2018 |

---

| | |
|---|---|
| മുഖ്യ രക്ഷാധികാരി | : ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ, കെ.എ.യു. |
| ജനറൽ കൺവീനർ | : അസോസിയേറ്റ് ഡയറക്ടർ, ആർ.എ.ആർ.എസ്, പട്ടാമ്പി |
| ഓർഗനൈസിംഗ് സെക്രട്ടറിമാർ | : ഡോ. പി. രാജി, പ്രൊഫസർ |
| | ഡോ. ഷണ്മുഖസുന്ദരം, പ്രൊഫസർ |
| | ഡോ. പി.പി. മൂസ്സ, അസി. പ്രൊഫസർ |

## കേരള നെൽകർഷക കോൺഗ്രസ്സ് 2018
## രജിസ്ട്രേഷൻ ഫോറം

1. പേരും വിലാസവും :

ഫോൺ നമ്പർ/ ഇമെയിൽ :

2. കൃഷിയിടത്തിന്റെ വിസ്തീർണ്ണം , വിളകൾ, ഇനങ്ങൾ :

3. പ്രബന്ധം അയക്കുന്നുണ്ടോ? : ഉണ്ട് / ഇല്ല

3. പ്രബന്ധം അയക്കുന്നുണ്ടെങ്കിൽ ഏതു വിഷയത്തിൽ?

4. പ്രബന്ധത്തിന്റെ ശീർഷകം :

5. പ്രബന്ധത്തിന്റെ സംഗ്രഹം : (500 വാക്ക്)

മൊത്തം 4 പേജിൽ കവിയാതെ താഴെകൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ പ്രബന്ധം തയ്യാറാക്കേണ്ടതാണ്.

1) പ്രബന്ധത്തിന്റെ പേര്

2) സംക്ഷിപ്തം (Abstract)

3) ആമുഖം

4) ലക്ഷ്യങ്ങൾ

5) പ്രവർത്തനം

6) വിവരണം

7) നിഗമനങ്ങൾ / കണ്ടെത്തലുകൾ

8) ശുപാർശകൾ

ആവശ്യമായ പട്ടികകൾ ഉൾപ്പെടുത്തണം.